**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6772** **21-03-2023 - ൽ മറുപടിയ്ക്ക്**

**ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്‌പെൻസറികളുടെയും പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഇ.എസ്.ഐ. പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത തൊഴിലാളികളെ കണ്ടെത്തി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ; | (എ) | **അസംഘടിത മേഖലയിലെ തൊഴിലാളികളും വേതന പരിധിയുടെ മാനദണ്ഡങ്ങൾ പ്രകാരം ഒഴിവാക്കപ്പെട്ടവരുമാണ് ഇ.എസ്.ഐ പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത തൊഴിലാളികൾ. സാമൂഹ്യ സുരക്ഷാകോഡ് 2020 നടപ്പിലാക്കുന്നതിലൂടെയും വേതന പരിധി വർദ്ധിപ്പിക്കുന്നതിലൂടെയും ഈ രണ്ട് വിഭാഗങ്ങളേയും ഇ.എസ്.ഐ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുന്നതാണ്. ഇക്കാര്യത്തിൽ കേന്ദ്ര തൊഴിൽ മന്ത്രാലയവും ഇ.എസ്.ഐ കോർപ്പറേഷനുമാണ് തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത്.** |
| (ബി) | ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്‌പെൻസറികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | **ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ പേരൂർക്കട, വടവാതൂർ, ആലപ്പുഴ, എറണാകുളം, ഒളരിക്കര, ഫറോക്ക് ഇ.എസ്.ഐ ആശുപത്രികളിൽ പുതുതായി പോസ്റ്റ് ഓപ്പറേറ്റീവ് ഐ.സി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മുളങ്കുന്നത്തുകാവ്, പാലക്കാട്, തോട്ടട ഇ.എസ്.ഐ ആശുപത്രികളിൽ പോസ്റ്റ് ഓപ്പറേറ്റിവ് ഐ.സി യൂണിറ്റിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ഡയാലിസിസ് യൂണിറ്റ് മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഇതു കൂടാതെ കിടപ്പുരോഗികളെ വീട്ടിൽ ചെന്ന് പരിചരിക്കുന്നതിനായി കൊല്ലം ജില്ലയിൽ ആരംഭിച്ചിട്ടുള്ള മൊബൈൽ പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. വകുപ്പിലെ വിവിധ വിഭാഗം ജീവനക്കാരുടെ സേവനം മേച്ചപ്പെടുത്തുന്നതിന് ഉതകുന്ന വിവിധ ട്രെയിനിങ്ങുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾ മുഖേന നൽകി വരുന്നു.** |

| | | | |
|---|---|---|---|
| (സി) | എല്ലാ ഇ.എസ്.ഐ. ആശുപത്രികളിലും ഡിസ്പെൻസറികളിലും വിദഗ്ദ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ നിലവിൽ ആശുപത്രികളിൽ മാത്രമാണ് സ്പെഷ്യലിസ്റ്റ് തസ്തികകൾ അനുവദിച്ചിട്ടുള്ളത്. വകുപ്പിലുള്ള മെഡിക്കൽ ഓഫീസർമാരിൽ നിന്ന് യോഗ്യരായ സ്പെഷ്യലിസ്റ്റുകളെ ഉൾപ്പെടുത്തി ആശുപത്രികളിൽ മെച്ചപ്പെട്ട രീതിയിൽ സ്പെഷ്യാലിറ്റി സേവനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ